# NEW EDUCATION POLICY 2020

**LANGUAGE: MALAYALAM**

**LAST UPDATED: 29TH JULY 2020**

DOWNLOADED FROM INSTAPDF.IN

വിദ്യാലയങ്ങളിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും പരിവർത്തനങ്ങൾക്കു വഴി തെളിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020ന് മന്ത്രിസഭയുടെ അംഗീകാരം

പുതിയ നയം ലക്ഷ്യമിടുന്നത് 2030 ഓടെ സ്കൂൾ വിദ്യാഭ്യാസത്തിൽ 100% ജിഇആറുമായി (GER) പ്രീ-സ്കൂൾ മുതൽ സെക്കൻഡറി തലം വരെ സാർവത്രിക വിദ്യാഭ്യാസത്തിന്

പുതിയ 5 + 3 + 3 + 4 സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നത് 12 വർഷത്തെ സ്കൂൾ വിദ്യാഭ്യാസവും 3 വർഷത്തെ അങ്കണവാടി/പ്രീ-സ്കൂൾ വിദ്യാഭ്യാസവും

ആറാം ക്ലാസ് മുതൽ ഇന്റേൺഷിപ്പ് ഉൾപ്പെടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു തുടക്കം

കുറഞ്ഞത് അഞ്ചാം തരം വരെ

DOWNLOADED FROM INSTAPDF.IN

# മാതൃഭാഷയിൽ/പ്രാദേശിക ഭാഷയിൽ അധ്യയനം

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭ 2020ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അംഗീകാരം നൽകി. സ്കൂൾ, ഉന്നത വിദ്യാഭ്യാസ മേഖലകളിൽ വൻതോതിലുള്ള പരിവർത്തനങ്ങൾക്കും പരിഷ്കാരങ്ങൾക്കും വഴിയൊരുക്കുന്നതാണ് ഈ നയം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആദ്യ വിദ്യാഭ്യാസ നയമാണിത്. മുപ്പത്തിനാല് വർഷം പഴക്കമുള്ള, 1986ലെ ദേശീയ വിദ്യാഭ്യാസ നയത്തെ (എൻപിഇ) പുനഃസ്ഥാപിക്കുന്നതാണ് പുതിയ നയം. പ്രാപ്യമാകുന്നത്, നീതിയുക്തമായത്, ഗുണമേന്മയുള്ളത്, താങ്ങാനാകുന്നത്, ഉത്തരവാദിത്തമുള്ളത് എന്നീ അടിസ്ഥാനസ്തംഭങ്ങളാൽ തയ്യാറാക്കപ്പെട്ട ഈ നയം 2030ലേയ്ക്കുള്ള സുസ്ഥിര വികസന അജൻഡയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. 21ാംാം നൂറ്റാണ്ടിലെ ആവശ്യങ്ങൾക്ക് അനുയോജ്യമായി, ഓരോ വിദ്യാർത്ഥിയുടെയും അതുല്യമായ കഴിവുകൾ പുറത്തെടുക്കുന്നതിനു ലക്ഷ്യമിട്ട്, സ്കൂൾ-കോളേജ് വിദ്യാഭ്യാസത്തെ സമഗ്രവും ബഹുമുഖവും വൈവിധ്യപൂർണവും ആക്കുന്നതിലൂടെ ഇന്ത്യയെ ഊർസ്വലമായ വിജ്ഞാന സമൂഹമായും ആഗോളതലത്തിൽതന്നെ വിജ്ഞാനമേഖലയിലെ ശക്തികേന്ദ്രമാക്കി മാറ്റാനും പുതിയ നയം ലക്ഷ്യമിടുന്നു.

പ്രധാന ഭാഗങ്ങൾ

സ്കൂൾ വിദ്യാഭ്യാസം

സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും സാർവത്രിക പ്രവേശനം ഉറപ്പാക്കുന്നു

പ്രീ-സ്കൂൾതലം മുതൽ സെക്കൻഡറിതലം വരെ വിദ്യാഭ്യാസത്തിന് സാർവത്രിക പ്രവേശനം ഉറപ്പാക്കുന്നതിന് എൻഇപി 2020 ഊന്നൽ നൽകുന്നു. അടിസ്ഥാനസൗകര്യങ്ങളിൽ സഹായം, കൊഴിഞ്ഞുപോയ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള നൂതന വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വിദ്യാർത്ഥികളെയും അവരുടെ പഠന നിലവാരത്തെയും പ്രത്യേകം പരിശോധിക്കൽ, ഔപചാരികവും

DOWNLOADED FROM INSTAPDF.IN

അനൗപചാരികവുമായ പഠനപദ്ധതികൾ ഉൾപ്പെടുന്ന അറിവിന്റെ ലോകത്തേയ്ക്ക് ഒന്നിലധികം പാതകൾ വെട്ടിത്തുറക്കൽ, സ്കൂളുകളിൽ കൗൺസിലർമാരുടെയും മികച്ച പരിശീലനം നേടിയ സാമൂഹ്യപ്രവർത്തകരുടെയും സഹകരണം, എൻഐഒഎസിലൂടെയും സ്റ്റേറ്റ് ഓപ്പൺ സ്കൂളുകളിലൂടെയും 3,5,8 ക്ലാസുകൾക്കായുള്ള തുറന്ന വിദ്യാഭ്യാസം, പത്താം തരത്തിനും പന്ത്രണ്ടാം തരത്തിനും തുല്യമായ സെക്കൻഡറി വിദ്യാഭ്യാസ പരിപാടികൾ, തൊഴിലധിഷ്ഠിത കോഴ്സുകൾ, മുതിർന്നവരുടെ സാക്ഷരത, ജീവിതം പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടികൾ എന്നിവയാണ് ഇതിനായുള്ള നിർദിഷ്ട മാർഗങ്ങൾ. എൻഇപി 2020 ഏകദേശം 2 കോടി സ്കൂൾ കുട്ടികളെ മുഖ്യധാരയിലേയ്ക്കു തിരികെ കൊണ്ടുവരും.

പുത്തൻ പാഠ്യപദ്ധതിയും ബോധനശാസ്ത്ര ഘടനയും ഉൾപ്പെടുന്ന ശിശു പരിപാലനവും വിദ്യാഭ്യാസവും

ശിശുപരിപാലനത്തിനും വിദ്യാഭ്യാസത്തിനും ഊന്നൽനൽകി, സ്കൂൾ പാഠ്യപദ്ധതിയിൽ നിലവിലെ 10 + 2 ഘടന ഒഴിവാക്കി പകരം, യഥാക്രമം 3-8, 8-11, 11-14, 14-18 വയസ്സുള്ള കുട്ടികൾക്കായി 5 + 3 + 3 + 4 എന്ന രീതിയിൽ പാഠ്യപദ്ധതി ക്രമീകരിക്കണം. ഇത് ഇതുവരെ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാകാത്ത 3-6 പ്രായപരിധിയിലുള്ള കുട്ടികളെയും ഉൾപ്പെടുത്തും. ഒരു കുട്ടിയുടെ മാനസിക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള നിർണായക ഘട്ടമായി ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രായപരിധിയാണിത്. പുതിയ സംവിധാനത്തിൽ 12 വർഷത്തെ സ്കൂൾ വിദ്യാഭ്യാസത്തിനു പുറമെ മൂന്നുവർഷത്തെ അങ്കണവാടി/ പ്രീ സ്കൂൾ വിദ്യാഭ്യാസവും ഉണ്ടായിരിക്കും.

എട്ടുവയസ്സുവരെയുള്ള കുട്ടികൾക്കായി എൻസിഇആർടി, ശിശു പരിപാലനത്തിനും വിദ്യാഭ്യാസത്തിനുമായി ദേശീയ പാഠ്യപദ്ധതിയും ബോധനശാസ്ത്ര ചട്ടക്കൂടും (എൻസിപിഎഫ്ഇസിസിഇ) വികസിപ്പിക്കും. അങ്കണവാടികൾ, പ്രീ-സ്കൂളുകൾ എന്നിവയുൾപ്പെടെ വിപുലവും കരുത്താർജിച്ചതുമായ സ്ഥാപനങ്ങളിലൂടെ ഇസിസിഇ അവതരിപ്പിക്കും. കാലേക്കൂട്ടിയുള്ള ശിശുപരിപാലനവും വിദ്യാഭ്യാസവും (ഇസിസിഇ) എന്ന ബോധനശാസ്ത്രത്തിലും പാഠ്യപദ്ധതിയിലും പരിശീലനം നേടിയ അധ്യാപകരെയും അങ്കണവാടി പ്രവർത്തകരെയും സജ്ജമാക്കും. ഇസിസിഇയുടെ ആസൂത്രണവും നടപ്പാക്കലും എച്ച്ആർഡി, വനിതാ-ശിശുക്ഷേമ (ഡബ്ല്യുസിഡി), ആരോഗ്യ-കുടുംബക്ഷേമ (എച്ച്എഫ്ഡബ്ല്യു), ഗിരിവർഗകാര്യ മന്ത്രാലയങ്ങൾ സംയുക്തമായി കൈകാര്യം ചെയ്യും.

DOWNLOADED FROM INSTAPDF.IN

## അക്ഷരങ്ങളും സംഖ്യകളും മനസിലാക്കാനുള്ള അടിസ്ഥാനപഠനം

സാക്ഷരരാകാനും സംഖ്യകൾ തിരിച്ചറിയുന്നതിനുമുള്ള അടിസ്ഥാന പഠനം അടിയന്തിരവും അനിവാര്യവുമായ ഒന്നായി വിലയിരുത്തുന്ന എൻഇപി 2020, എംഎച്ച്ആർഡിയുടെ കീഴിൽ നാഷണൽ മിഷൻ ഓൺ ഫൗണ്ടേഷണൽ ലിറ്ററസി ആൻഡ് ന്യൂമറസിക്കു രൂപം നൽകാനും ആവശ്യപ്പെടുന്നു. 2025 ഓടെ മൂന്നാം തരം വരെയുള്ളവർക്ക് എല്ലാ പ്രാഥമിക വിദ്യാലയങ്ങളിലും സാർവത്രികവും അടിസ്ഥാനപരവുമായ സാക്ഷരതയും സംഖ്യാബോധവും ലഭിക്കുന്നതിനായി സംസ്ഥാനങ്ങൾ പദ്ധതി തയ്യാറാക്കും. ദേശീയ പുസ്തക പ്രചാരണ നയത്തിനും രൂപം നൽകണം.

## സ്കൂൾ പാഠ്യപദ്ധതി-അധ്യയന പരിഷ്കരണങ്ങൾ

പ്രധാന കാര്യങ്ങൾ മനസിലാക്കുന്നതിനും വിമർശനാത്മക ചിന്ത പ്രോത്സാഹിപ്പിക്കുന്നതിനും അനുഭവപരിചയ പഠനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും പാഠ്യപദ്ധതിയിൽ കുറവുവരുത്തി, 21-ാം നൂറ്റാണ്ട് ആവശ്യപ്പെടുന്ന നിപുണതയിലേയ്ക്കു വിദ്യാർഥികളെ സജ്ജമാക്കുന്നതു ലക്ഷ്യമിട്ടാണ് സ്കൂൾ പാഠ്യപദ്ധതിയും അധ്യയനവും ഒരുക്കുന്നത്. വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന വിഷയങ്ങളുടെ തെരഞ്ഞെടുപ്പിനും അവസരമൊരുങ്ങും. കലയും ശാസ്ത്രവും തമ്മിലും, പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കിടയിലും, തൊഴിൽ-പഠന മേഖലകൾക്കിടയിലും വേർതിരിവുകൾ ഉണ്ടാകില്ല. ആറാം ക്ലാസ് മുതൽ സ്കൂളുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കും; ഇന്റേൺഷിപ്പും ഉൾപ്പെടുത്തും. സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള പുതിയതും സമഗ്രവുമായ ദേശീയ പാഠ്യപദ്ധതി, എൻസിഎഫ്എസ്ഇ 2020-21 എൻസിഇആർടി വികസിപ്പിക്കും.

## ബഹുഭാഷാപ്രാവീണ്യവും ഭാഷയുടെ ശക്തിയും

കുറഞ്ഞത് അഞ്ചാം തരം വരെയെങ്കിലും അധ്യയന മാധ്യമമായി മാതൃഭാഷയ്ക്ക്/പ്രാദേശിക ഭാഷയ്ക്ക് ഊന്നൽ നൽകണം. എട്ടാം തരം വരെയും അതിനു മുകളിലേയ്ക്കും ഇക്കാര്യം അഭിലഷണീയമാണ്. ത്രിഭാഷാ പഠനസംവിധാനം ഉൾപ്പെടെ, സംസ്കൃതവും ഒരു ഓപ്ഷൻ ആയി വച്ചുകൊണ്ടുള്ള പഠനസംവിധാനം സ്കൂൾ-ഉന്നതതല വിദ്യാഭ്യാസത്തിന് ഉപയോഗിക്കാനാകും. മറ്റ് ക്ലാസിക്കൽ ഭാഷകളും ഇന്ത്യയിലെ സാഹിത്യങ്ങളും പഠിക്കാനുള്ള അവസരവും ലഭ്യമാണ്. 6

DOWNLOADED FROM INSTAPDF.IN

മുതൽ 8 വരെയുള്ള ക്ലാസുകളിൽ വിദ്യാർഥികൾക്ക് 'ഇന്ത്യയുടെ ഭാഷകൾ' എന്ന വിഷയത്തിൽ ഏതെങ്കിലും സമയം രസകരമായ പ്രോജക്റ്റിൽ / പ്രവർത്തനത്തിൽ (ഉദാഹരണത്തിന് ഏക് ഭാരത് ശ്രേഷ്ഠ ഭാരത്) പങ്കെടുക്കാനും അവസരമുണ്ടാകും. വിദ്യാർത്ഥികൾക്ക് സെക്കൻഡറി തലത്തിൽ നിരവധി വിദേശ ഭാഷകളും പഠിക്കാനാകും. ഇന്ത്യൻ ആംഗ്യഭാഷയെ (ഐഎസ്എൽ) രാജ്യത്തുടനീളം ഏകരൂപത്തിലാക്കും. കൂടാതെ ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാകും വിധത്തിൽ ദേശീയ, സംസ്ഥാന പാഠ്യപദ്ധതികൾ വികസിപ്പിക്കും.

മൂല്യനിർണയ പരിഷ്കരണങ്ങൾ

സംഗ്രഹാത്മക വിലയിരുത്തലിൽ നിന്ന്, കഴിവിനെ അടിസ്ഥാനപ്പെടുത്തിയുള്ള പതിവായ മൂല്യനിർണയ സംവിധാനത്തിലേക്കു മാറുന്നതിന് എൻഇപി 2020 വിഭാവനം ചെയ്യുന്നു. പഠനത്തെയും വികസനത്തെയും പ്രോത്സാഹിപ്പിക്കുന്നതും, വിശകലനം, വിമർശനാത്മക ചിന്ത, ആശയപരമായ വ്യക്തത എന്നിവ പോലുള്ള ഉന്നത കഴിവുകൾ പരീക്ഷിക്കുന്നതുമാണത്. 3, 5, 8 തരത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും അതത് അതോറിറ്റികൾ പരീക്ഷകൾ നടത്തും. 10, 12 തരത്തിലേക്കുള്ള ബോർഡ് പരീക്ഷകൾ തുടരും. എന്നാൽ സമഗ്രവികസനം ലക്ഷ്യമാക്കി ഇതിനു മാറ്റം വരുത്തും. പരാഖ് (പ്രവർത്തനം വിലയിരുത്തൽ, അവലോകനം, സമഗ്രവികസനത്തിനായുള്ള അറിവിന്റെ വിശകലനം) എന്ന പേരിൽ പുതിയ ദേശീയ മൂല്യനിർണ്ണയ കേന്ദ്രം, മാനദണ്ഡ പരിപാലന സ്ഥാപനമായി സജ്ജമാക്കും.

തുല്യവും സമഗ്രവുമായ വിദ്യാഭ്യാസം

ജനനത്തിന്റെയോ പശ്ചാത്തലത്തിന്റെയോ സാഹചര്യങ്ങളാൽ ഒരു കുട്ടിക്കും പഠിക്കാനും മികവ് തെളിയിക്കാനുമുള്ള അവസരം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതും എൻഇപി 2020ന്റെ ലക്ഷ്യമാണ്. ലിംഗം, സാമൂഹിക-സാംസ്കാരിക, ഭൂമിശാസ്ത്ര പ്രത്യേകതകളും വൈകല്യങ്ങളും ഉൾപ്പെടുന്ന സാമൂഹികവും സാമ്പത്തികവുമായ പിന്നാക്ക വിഭാഗങ്ങൾക്ക് (എസ്.ഇ.ഡി.ജി) പ്രത്യേക ഊന്നൽ നൽകും. ജെൻഡൽ ഇൻക്ലൂഷൻ ഫണ്ട്, പിന്നാക്ക പ്രദേശങ്ങൾക്കും വിഭാഗങ്ങൾക്കുമായി പ്രത്യേക വിദ്യാഭ്യാസ മേഖല സ്ഥാപിക്കൽ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ അടിസ്ഥാനതലം മുതൽ ഉന്നതവിദ്യാഭ്യാസം വരെയുള്ള പതിവുസ്കൂൾ

DOWNLOADED FROM INSTAPDF.IN

സംവിധാനത്തിൽ പൂർണമായും പങ്കെടുക്കാൻ അധ്യാപകരുടെ സഹായത്തോടെ പ്രാപ്തമാക്കും. ഇതിനായി ക്രോസ് ഡിസെബിലിറ്റി ട്രെയിനിംഗ്, റിസോഴ്സ് സെന്ററുകൾ, താമസസൗകര്യങ്ങൾ, സഹായ ഉപകരണങ്ങൾ, സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഉപകരണങ്ങൾ, മറ്റ് പിന്തുണാ സംവിധാനങ്ങൾ എന്നിവയൊരുക്കും. പ്രത്യേക പകൽ ബോർഡിംഗ് സ്കൂളുകളായി ഓരോ സംസ്ഥാനത്തും/ജില്ലയിലും 'ബാലഭവനുകൾ' സ്ഥാപിക്കാനും കലയും കളിയും കരിയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സജ്ജമാക്കാനും പ്രോത്സാഹനം നൽകും. സൗജന്യ സ്കൂൾ അടിസ്ഥാനസൗകര്യങ്ങൾ സാമാജിക് ചേതനാ കേന്ദ്രങ്ങളായും ഉപയോഗിക്കാം.

## കൂടുതൽ എണ്ണത്തിലുള്ള അധ്യാപക നിയമനവും അധ്യാപകരുടെ തൊഴിൽ പാതയുടെ വിന്യാസവും

സുതാര്യമായ പ്രക്രിയകളിലൂടെ കൂടുതൽ എണ്ണത്തിൽ അധ്യാപകരെ നിയമിക്കും. പൂർണ്ണമായും യോഗ്യത മാനദണ്ഡമാക്കി ബഹുമുഖവും കാലികവും ആയ പ്രകടന വിലയിരുത്തൽ രീതികൾ അവലംബിച്ച് വിദ്യാഭ്യാസ മേഖലയിലെ ഭരണകർത്താക്കളോ അധ്യാപക പരിശീലനം നല്കുന്നവരോ ആയി മാറുന്ന തരത്തിൽ ആയിരിക്കും അധ്യാപക തൊഴിൽ പാതയുടെ വിന്യാസം. അധ്യാപക വിദ്യാഭ്യാസത്തിനായുള്ള ദേശീയ കൗൺസിൽ 2022 ഓടെ അധ്യാപകർക്ക് ദേശീയതലത്തിൽ ഒരു പൊതു പ്രൊഫഷണൽ മാനദണ്ഡം (എൻ.പി.എസ്.റ്റി.) വികസിപ്പിക്കും.

## സ്കൂൾ ഭരണം

സ്കൂളുകളെ ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റുകളായ കോംപ്ലക്സുകളായോ ക്ലസ്റ്ററുകളായോ ക്രമീകരിക്കാം. ആവശ്യമായ എല്ലാ വിഭവങ്ങളുടെയും ലഭ്യത ഉറപ്പാക്കുകയും ചെയ്യും.

## സ്കൂൾ വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന മാനദണ്ഡങ്ങളുടെ ക്രമീകരണവും ഔദ്യോഗിക അംഗീകാരവും

നയരൂപീകരണം, നിയന്ത്രണം, പ്രവർത്തനങ്ങൾ, അക്കാദമിക് കാര്യങ്ങൾ എന്നിവയ്ക്കായി വ്യക്തവും വേറിട്ടതുമായ സംവിധാനങ്ങൾ ദേശീയ വിദ്യാഭ്യാസ നയം -2020 വിഭാവനം ചെയ്യുന്നു. സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും സ്വതന്ത്രമായ സ്റ്റേറ്റ് സ്കൂൾ സ്റ്റാൻഡേർഡ് അതോറിറ്റി (എസ്.എസ്.എസ്.എ) സ്ഥാപിക്കും. ബന്ധപ്പെട്ട കക്ഷികളുമായി കൂടിയാലോചിച്ച് S.C.E.R.T ഒരു സ്കൂൾ ക്വാളിറ്റി

DOWNLOADED FROM INSTAPDF.IN

അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ ഫ്രെയിംവർക്ക് (SQAAF) വികസിപ്പിക്കും.

ഉന്നത വിദ്യാഭ്യാസം

2035 ഓടെ മൊത്ത എൻറോൾമെന്റ് അനുപാതം (GER) 50% ആക്കുക

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള മൊത്ത എൻറോൾമെന്റ് അനുപാതം 2035 ഓടെ 26.3 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്താനാണ് ദേശീയ വിദ്യാഭ്യാസ നയം-2020 ലക്ഷ്യമിടുന്നത്. 3.5 കോടി പുതിയ സീറ്റുകൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനുവദിക്കും.

സമഗ്രമായ മൾട്ടിഡിസിപ്ലിനറി വിദ്യാഭ്യാസം

ബഹുമുഖമായ പാഠ്യപദ്ധതി, വിഷയങ്ങളുടെ സർഗ്ഗാത്മകമായ ചേരുവകൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സംയോജനം, ഉചിതമായ സർട്ടിഫിക്കേഷനോടുകൂടിയ മൾട്ടിപ്പിൾ എൻട്രി, എക്സിറ്റ് പോയിന്റുകൾ എന്നീ സവിശേഷതകൾ ഉള്ള

സമഗ്രമായ മൾട്ടി-ഡിസിപ്ലിനറി അണ്ടർ ഗ്രാജ്വേറ്റ് വിദ്യാഭ്യാസമാണ് നയം വിഭാവനം ചെയ്യുന്നത്. യു.ജി. വിദ്യാഭ്യാസം, 3 അല്ലെങ്കിൽ 4 വർഷം ആകാം. ഉദാഹരണത്തിന്, 1 വർഷത്തിനുശേഷം സർട്ടിഫിക്കറ്റ്, 2 വർഷത്തിന് ശേഷം അഡ്വാൻസ്ഡ് ഡിപ്ലോമ, 3 വർഷത്തിന് ശേഷം ബാച്ചിലേഴ്സ് ഡിഗ്രി, 4 വർഷത്തിന് ശേഷം ഗവേഷണത്തിനൊപ്പം ബിരുദം.

വിവിധ എച്ച്.ഇ.ഐ.കളിൽ (Higher Education Institutions) നിന്ന് നേടിയ അക്കാദമിക് ക്രെഡിറ്റുകൾ ഡിജിറ്റലായി സംഭരിച്ചിട്ടുള്ള ഒരു അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് വഴി കൈമാറ്റം ചെയ്യപ്പെടുകയും അവസാന ബിരുദം നേടുകയും ചെയ്യാം.

രാജ്യത്തിന്റെ ആഗോള നിലവാരത്തിലുള്ള മികച്ച മൾട്ടി ഡിസിപ്ലിനറി വിദ്യാഭ്യാസ മാതൃകകളായ ഐ.ഐ.ടി.കൾ, ഐ.ഐ.എമ്മുകൾ എന്നിവയ്ക്ക് തുല്യമായി മൾട്ടിഡിസിപ്ലിനറി എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് യൂണിവേഴ്സിറ്റികൾ (M.E.R.U.) സ്ഥാപിക്കും.

ശക്തമായ ഗവേഷണ സംസ്കാരം വളർത്തിയെടുക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിലുടനീളം ഗവേഷണ ശേഷി വളർത്തുന്നതിനുമുള്ള ഒരു മികച്ച സ്ഥാപനമായി നാഷണൽ റിസർച്ച് ഫൗണ്ടേഷൻ നിലവിൽ വരും.

DOWNLOADED FROM INSTAPDF.IN

നിയന്ത്രണം

മെഡിക്കൽ-നിയമ വിദ്യാഭ്യാസം ഒഴികെയുള്ള മുഴുവൻ ഉന്നതവിദ്യാഭ്യാസവും ഒരൊറ്റ കുടക്കീഴിലാക്കി ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (എച്ച്.ഇ.സി.ഐ) രൂപീകരിക്കും.

നിയന്ത്രണത്തിനായി ദേശീയ ഉന്നത വിദ്യാഭ്യാസ റെഗുലേറ്ററി കൗൺസിൽ (എൻ.എച്ച്. ഇ.ആർ.സി.), നിലവാരത്തിന്റെ ക്രമീകരണത്തിനായി പൊതുവിദ്യാഭ്യാസ കൗൺസിൽ (ജി. ഇ.സി.), ധനസഹായത്തിനായി ഉന്നത വിദ്യാഭ്യാസ ഗ്രാന്റ് കൗൺസിൽ (എച്ച്.ഇ.ജി.സി), അക്രഡിറ്റേഷനായി നാഷണൽ അക്രഡിറ്റേഷൻ കൗൺസിൽ (എൻ.എ.സി.) എന്നിങ്ങനെ നാല് സ്വതന്ത്ര വിഭാഗങ്ങൾ ഉണ്ടാകും. പൂർണ്ണമായും സാങ്കേതികവിദ്യയിലധിഷ്ഠിതമായി എച്ച്.ഇ.സി.ഐ. പ്രവർത്തിക്കും. മാനദണ്ഡങ്ങൾക്ക് പാലിക്കാത്ത എച്ച്.ഇ.ഐ.കൾക്ക് പിഴ ചുമത്താനുള്ള അധികാരങ്ങൾ എച്ച്.ഇ.സി.ഐ.ക്ക് ഉണ്ടായിരിക്കും. പൊതു-സ്വകാര്യ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണ, അക്രഡിറ്റേഷൻ-അക്കാദമിക് മാനദണ്ഡങ്ങൾ ഒന്ന് തന്നെയായിരിക്കും.

യുക്തിസഹമായ സ്ഥാപന വ്യവസ്ഥ

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉന്നത നിലവാരമുള്ള അധ്യാപനം, ഗവേഷണം, സാമൂഹിക ഇടപഴകൽ എന്നിവയുള്ള മികച്ച റിസോഴ്സ് അധിഷ്ഠിത, മൾട്ടി ഡിസിപ്ലിനറി സ്ഥാപനങ്ങളാക്കി മാറ്റും. സർവകലാശാലയുടെ നിർവചനത്തിൽ ഗവേഷണ പ്രധാനമായതും അദ്ധ്യയന പ്രധാനമായതും ആയ സർവ്വകലാശാലകൾ, ബിരുദം നൽകുന്ന സ്വയംഭരണാധികാരമുള്ള കോളേജുകൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളെ ഉൾക്കൊള്ളിക്കും.

കോളേജുകളുടെ അഫിലിയേഷൻ 15 വർഷത്തിനുള്ളിൽ ഘട്ടംഘട്ടമായി അവസാനിപ്പിക്കുകയും കോളേജുകൾക്ക് ശ്രേണി അടിസ്ഥാനമാക്കി സ്വയംഭരണാവകാശം നൽകുന്നതിന് ഘട്ടം തിരിച്ചുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം. ഒരു നിശ്ചിത കാലയളവിൽ, ഓരോ കോളേജും ഒന്നുകിൽ സ്വയംഭരണ ബിരുദം നൽകുന്ന കോളേജ് അല്ലെങ്കിൽ ഒരു സർവ്വകലാശാലയുടെ ഒരു ഘടക കോളേജ് ആയി വികസിക്കണമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്.

പ്രചോദനകരം, ഊർജ്ജസ്വലം, യോഗ്യരായ ഫാക്കൽറ്റി

DOWNLOADED FROM INSTAPDF.IN

എൻഇപി ശുപാർശ ചെയ്യുന്നത് കൃത്യമായി നിർവചിക്കപ്പെട്ടതും, സ്വതന്ത്രമായ, സുതാര്യമായ നിയമനം, പാഠ്യപദ്ധതി/ബോധനശാസ്ത്രം എന്നിവ രൂപകൽപ്പന ചെയ്യാനുള്ള സ്വാതന്ത്ര്യം, മികവിനുള്ള പ്രോത്സാഹനം, സ്ഥാപനത്തെ നയിക്കാനുള്ള പാത തുറന്നുനൽകുക എന്നിവയാണ്.

അധ്യാപന വിദ്യാഭ്യാസം

അധ്യാപന വിദ്യാഭ്യാസത്തിനായുള്ള നവീനവും സമഗ്രവുമായ ഒരു ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടായ എൻസിഎഫ്ടിഇ 2021, എൻസിഇആർടിയുമായി കൂടിയാലോചിച്ച് എൻസിടിഇ രൂപീകരിക്കും. 2030 ആകുമ്പോഴേക്കും അധ്യാപനത്തിനുള്ള ഏറ്റവും കുറഞ്ഞ ഡിഗ്രി യോഗ്യത 4 വർഷത്തെ സംയോജിത ബി എഡ് ഡിഗ്രിയാക്കും.

മെന്ററിംഗ് മിഷൻ

മെന്ററിംഗിനായി ഒരു ദേശീയ മിഷൻ സ്ഥാപിക്കും. യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്ക് ഹ്രസ്വ-- ദീർഘകാല മെന്ററിംഗ്/പ്രൊഫഷണൽ പരിശീലനം നൽകാൻ സന്നദ്ധരായ സീനിയർ/റിട്ടയേർഡ് ഫാക്കൽറ്റികളുടെ ഒരു പൂൾ സജ്ജമാക്കും.

വിദ്യാർത്ഥികൾക്ക് സാമ്പത്തിക പിന്തുണ

എസ്സി, എസ്ടി, ഒബിസി, മറ്റ് എസ്.ഇ.ഡി.ജികൾ വിഭാഗം വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രേരിപ്പിക്കും. സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളെ പിന്തുണയ്ക്കൽ, വികസനം, പുരോഗതി എന്നിവ കണ്ടെത്തി പരിശോധിക്കുന്നതിന് നാഷനൽ സ്കോളർഷിപ്പ് പോർട്ടൽ വിപുലീകരിക്കും. വിദ്യാർത്ഥികൾക്ക് കൂടുതൽ സ്കോളർഷിപ്പുകൾ നൽകാൻ സ്വകാര്യ എച്ച്ഇഐകളെ പ്രോത്സാഹിപ്പിക്കും.

ഓപ്പൺ, വിദൂരവിദ്യാഭ്യാസം

ജിഇആർ വർദ്ധിപ്പിക്കുന്നതിൽ ഓപ്പൺ, വിദൂരവിദ്യാഭ്യാസം ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ അത് വിപുലീകരിക്കും. ഓൺലൈൻ കോഴ്സുകൾ, ഡിജിറ്റൽ സങ്കേതങ്ങൾ, ഗവേഷണധനസഹായം, മെച്ചപ്പെട്ട വിദ്യാർത്ഥി സേവനങ്ങൾ, എംഒഒസികളുടെ- ക്രെഡിറ്റ് ബേസ്ഡ് റെക്കഗനീഷൻ തുടങ്ങിയ നടപടികൾ ഉന്നത നിലവാരമുള്ള ക്ലാസ് പഠനങ്ങൾക്ക് തുല്യമാക്കാനായി സജ്ജമാക്കും

ഓൺലൈൻ വിദ്യാഭ്യാസവും ഡിജിറ്റൽ വിദ്യാഭ്യാസവും

DOWNLOADED FROM INSTAPDF.IN

ഓൺലൈൻ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമഗ്രമായ ശുപാർശകൾ. സ്കൂൾ തലത്തിലെയും ഉന്നതവിദ്യാഭ്യാസത്തിലെയും ഇ-എഡ്യുക്കേഷൻ ആവശ്യകതകൾ നിറവേറ്റുന്നതിനായി ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ, ഡിജിറ്റൽ കണ്ടന്റ്, ശേഷി വികസനം എന്നിവയ്ക്കായി ഒരു പ്രത്യേക യൂണിറ്റ് എംഎച്ച്ആർഡിയിൽ സൃഷ്ടിക്കും.

സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

ഒരു സ്വയംഭരണ സംവിധാനമായി നാഷണൽ എജ്യുക്കേഷണൽ ടെക്നോളജി ഫോറം (എൻഇടിഎഫ്) രൂപീകരിക്കും. പഠനം, വിലയിരുത്തൽ, ആസൂത്രണം, ഭരണം എന്നിവ മെച്ചപ്പെടുത്തുന്നതിനായി സാങ്കേതികവിദ്യയുടെ ഉപയോഗത്തെക്കുറിച്ചുള്ള ആശയങ്ങൾ കൈമാറുന്നതിനായാണ് ഇത് സൃഷ്ടിക്കുന്നത്.

ഇന്ത്യൻ ഭാഷകളുടെ പ്രോൽസാഹനം

എല്ലാ ഇന്ത്യൻ ഭാഷകളുടെയും സംരക്ഷണം, വികസനം, ഊർജ്ജസ്വലത എന്നിവ ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാൻസ്ലേഷൻ ആൻഡ് ഇന്റർപ്രെട്ടേഷൻ (ഐഐടിഐ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് (ഇൻസ്റ്റിറ്റ്യൂട്ടുകൾ) പാലി, പേർഷ്യൻ, പ്രാകൃത് എന്നിവയ്ക്കായും സംസ്കൃതം ശാക്തീകരണത്തിനും എച്ച്ഇഐകളിലെ ഭാഷാ വകുപ്പുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായും എൻഇപി ശുപാർശ ചെയ്യുന്നു. കൂടാതെ കൂടുതൽ എച്ച്ഇഐ പ്രോഗ്രാമുകളിൽ മാതൃഭാഷ/പ്രാദേശിക ഭാഷ ഒരു ശിക്ഷണ മാധ്യമമായി ഉപയോഗിക്കുകയും വേണം. സ്ഥാപന തല സഹകരണത്തിലൂടെയും,

വിദ്യാർത്ഥി-ഫാക്കൽറ്റി കൈമാറ്റം എന്നിവയിലൂടെ വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്രവൽക്കരണം സുഗമമാക്കുകയും ലോക നിലവാരത്തിലുള്ള സർവകലാശാലകളെ നമ്മുടെ രാജ്യത്ത് കാമ്പസുകൾ തുറക്കാൻ അനുവദിക്കുകയും ചെയ്യും.

പ്രൊഫഷണൽ വിദ്യാഭ്യാസം

എല്ലാ പ്രൊഫഷണൽ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസ സംവിധാനത്തിന്റെ അവിഭാജ്യ ഭാഗമാക്കും.

DOWNLOADED FROM INSTAPDF.IN

യുവാക്കൾ-വയോജന സാക്ഷരത നൂറു ശതമാനം കൈവരിക്കാനാണ് നയം ലക്ഷ്യമിടുന്നത്.

വിദ്യാഭ്യാസ ധനനയം

വിദ്യാഭ്യാസ മേഖലയിലെ പൊതുനിക്ഷേപം ജിഡിപിയുടെ 6 ശതമാനത്തിൽ എത്തിക്കുന്നതിന് കേന്ദ്രവും സംസ്ഥാനങ്ങളും ഒരുമിച്ച് പ്രവർത്തിക്കും.

അഭൂതപൂർവമായ കൂടിയാലോചന

2015 ജനുവരി മുതൽ രണ്ട് ലക്ഷത്തിലധികം നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന അഭൂതപൂർവമായ കൂടിയാലോചനകൾക്ക് ശേഷമാണ് എൻഇപി 2020 രൂപീകരിച്ചത്.

അന്തരിച്ച മുൻ കാബിനറ്റ് സെക്രട്ടറി ശ്രീ ടി എസ് ആർ സുബ്രഹ്മണ്യന്റെ അധ്യക്ഷതയിൽ 2016 മെയ് മാസത്തിൽ പുതിയ വിദ്യാഭ്യാസ നയത്തിന്റെ പരിഷ്കരണ കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മന്ത്രാലയം കരട് ദേശീയ വിദ്യാഭ്യാസ നയം 2016 നായി ചില കൂട്ടിച്ചേർക്കലുകൾ നടത്തി. 2017 ജൂണിൽ വിഖ്യാത ശാസ്ത്രജ്ഞൻ പത്മവിഭൂഷൺ ഡോ. കെ. കസ്തൂരിരംഗന്റെ അധ്യക്ഷതയിൽ കരട് ദേശീയ വിദ്യാഭ്യാസ നയത്തിനായുള്ള കമ്മിറ്റി രൂപീകരിച്ചു. കമ്മറ്റി 2019 മെയ് 31 ന് ദേശീയ വിദ്യാഭ്യാസ നയം 2019 ന്റെ കരട് മാനവ വിഭവശേഷി വികസന മന്ത്രിക്ക് സമർപ്പിച്ചു

DOWNLOADED FROM INSTAPDF.IN

**CONTENT SOURCE & CREDITS:**
https://pib.gov.in/

**DISCLAIMER:**
The content (including images / logos) in this PDF is the property of the actual copyright owner / publisher. Instapdf.in does not claim the copyright or to own any of the contents of the PDF.

Visit https://instapdf.in/disclaimer/ for more details.